പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1833 10.02.2020 -ലെ മറുപടിക്ക്

**വർദ്ധിച്ച വരുന്ന ടൂവീലർ അപകടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ച വരുന്ന ടൂവീലർ അപകടങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2019 - ൽ 2018 -നെ അപേക്ഷിച്ച് ടൂവീലർ അപകടങ്ങളിലും മരണങ്ങളിലും 6% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2019-ൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മൊത്തം അപകടങ്ങളുടെ 63%വും ടൂവീലർ അപകടങ്ങളാണ്. മറ്റു വാഹനങ്ങളെക്കാൾ ഇരുചക്രവാഹനങ്ങൾ എണ്ണത്തിൽ കൂടുതലായതും ട്രാഫിക് നിയമലംഘനങ്ങളുമാണ് ഇതിന് കാരണം. |
| (ബി) | റോഡുകളിൽ ഇടതുവശം ചേർന്ന പോകേണ്ട ഇരുചക്ര വാഹനങ്ങൾ റോഡ് നിറഞ്ഞ് അലക്ഷ്യമായി ഓടിക്കുന്നത് നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | റോഡുകളിൽ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടിയെടുത്തു വരുന്നു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പടെയുള്ള എല്ലാ വാഹനങ്ങളും ഇടതുവശം ചേർന്ന് പോകേണ്ടതാണ്. വൺവേ അല്ലാത്ത റോഡുകളിൽ ഈ നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | റോഡുകളിൽ ടൂവീലറുകളുടെ സഞ്ചാരത്തിന് കൃത്യമായി സ്ഥലം മാർക്ക് ചെയ്യുന്ന നടപടികൾ ഗൗരവമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | തിരക്കേറിയ കവലകളിൽ സ്ഥല പരിമിതിമൂലം ബൈക്ക് ലെയ്നുകൾ രേഖപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നാൽ പരീക്ഷാണാടിസ്ഥാനത്തിൽ, ചിലയിടങ്ങളിൽ ആയത് നടപ്പിലാക്കാൻ ശ്രമം നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**